ഉത്തരം

3-8-2000-ൽ ശിലാസ്ഥാപനം നടത്തിയ തൃക്കരിപ്പൂർ 33 കെ.വി. സബ്സ്റ്റേഷന്റെ പണി പൂർത്തിയാക്കി 31-12-2004-ന് ടെസ്റ്റ് ചാർജ്ജ് ചെയ്തു.

5-2-2000-ൽ ശിലാസ്ഥാപനം നടത്തിയ വെസ്റ്റ്-എളേരി 33 കെ.വി. സബ്സ്റ്റേഷൻ നിർമ്മാണ പ്രവർത്തനങ്ങൾ 2005 മാർച്ചിൽ പൂർത്തിയാക്കാൻ ലക്ഷ്യമിട്ട് ദ്രുതഗതിയിൽ നടന്നുവരുന്നു.

സബ്സ്റ്റേഷനുകളുടെ നിർമ്മാണം

47 [365] ശ്രീ. കെ. രാധാകൃഷ്ണൻ: താഴെ കാണുന്ന ചോദ്യങ്ങൾക്ക് ഊർജ്ജ വകുപ്പുമന്ത്രി സദയം മറുപടി നൽകുമോ:

(എ) മുൻ എൽ.ഡി.എഫ്. സർക്കാരിന്റെ കാലത്ത് വൈദ്യുതി വിതരണശേഷി മെച്ചപ്പെടുത്തുന്നതിനുവേണ്ടി നിർമ്മിക്കാൻ പദ്ധതിയിട്ടിരുന്ന സബ്സ്റ്റേഷനുകൾ എത്രയാണെന്ന് വെളിപ്പെടുത്താമോ; വിശദാംശം വ്യക്തമാക്കുമോ;

(ബി) ഈ സർക്കാർ അധികാരത്തിൽ വന്നതിനുശേഷം അതിൽ എത്ര എണ്ണത്തിന്റെ നിർമ്മാണം പൂർത്തിയാക്കിയിട്ടുണ്ടെന്ന് വെളിപ്പെടുത്തുമോ;

(സി) നിർമ്മാണ ഘട്ടത്തിലിരിക്കുന്ന സബ്സ്റ്റേഷനുകളുടെ വിശദാംശങ്ങൾ വെളിപ്പെടുത്തുമോ;

(ഡി) നിർമ്മാണം ആരംഭിക്കുവാൻ എത്ര സബ് സ്റ്റേഷനുകൾ ഉണ്ടെന്നും അവയുടെ നിർമ്മാണം എന്ന് ആരംഭിക്കുവാൻ കഴിയുമെന്നും വ്യക്തമാക്കുമോ;

(ഇ) ഉപഭോക്താക്കളുടെ എണ്ണം ഗണ്യമായി വർദ്ധിച്ചിരിക്കുന്ന സാഹചര്യത്തിൽ അടിയന്തിരമായി എല്ലാ സബ് സ്റ്റേഷനുകളുടേയും നിർമ്മാണം പൂർത്തിയാക്കുവാൻ നടപടി സ്വീകരിക്കുമോ?

ഉത്തരം

(എ) മുൻ എൽ.ഡി.എഫ്. സർക്കാരിന്റെ കാലത്ത് നിർമ്മിക്കാൻ പദ്ധതിയിട്ടിരുന്ന സബ്സ്റ്റേഷനുകളുടെ വിവരങ്ങൾ താഴെ ചേർക്കുന്നു:

220	കെ. വി. സബ്സ്റ്റേഷൻ . .	9
110	കെ. വി. സബ്സ്റ്റേഷൻ . .	47
66	കെ. വി. സബ്സ്റ്റേഷൻ . .	7
33	കെ. വി. സബ്സ്റ്റേഷൻ . .	147
	ആകെ . .	210

വിശദാംശം അനുബന്ധം 1-ൽ കാണുക.†

† ലൈബ്രറിയിൽ വച്ചിട്ടുണ്ട്.

LIBRARY ARCHIVES Kerala Legislative Assembly

(ബി) ഈ സർക്കാർ അധികാരത്തിൽ വന്നതിനുശേഷം താഴെപ്പറയുന്ന സബ് സ്റ്റേഷനുകളുടെ നിർമ്മാണം പൂർത്തിയാക്കിയിട്ടുണ്ട്:

220	കെ. വി. സബ്സ്റ്റേഷൻ	. .	1
110	കെ. വി. സബ്സ്റ്റേഷൻ	. .	12
66	കെ. വി. സബ്സ്റ്റേഷൻ	. .	4
33	കെ. വി. സബ്സ്റ്റേഷൻ	. .	33
	ആകെ	. .	50

(സി) നിർമ്മാണ ഘട്ടത്തിലിരിക്കുന്ന സബ് സ്റ്റേഷനുകളുടെ എണ്ണം താഴെ ചേർക്കുന്നു:

220	കെ. വി. സബ്സ്റ്റേഷൻ	. .	5
110	കെ. വി. സബ്സ്റ്റേഷൻ	. .	10
66	കെ. വി. സബ്സ്റ്റേഷൻ	. .	7
33	കെ. വി. സബ്സ്റ്റേഷൻ	. .	47
	ആകെ	. .	69

വിശദാംശം അനുബന്ധം 2-ൽ കൊടുത്തിരിക്കുന്നു.†

(ഡി) സബ് സ്റ്റേഷൻ നിർമ്മിക്കുന്നതിനുള്ള സ്ഥലം ലഭ്യമല്ലാത്തതുകാരണം 51 സബ് സ്റ്റേഷനുകളുടെ പണി ആരംഭിച്ചിട്ടില്ല. സ്ഥലം ലഭ്യമാവുന്ന മുറയ്ക്ക് പ്രസ്തുത സബ് സ്റ്റേഷനുകളുടെ നിർമ്മാണം ആരംഭിക്കുന്നതാണ്.

(ഇ) മേൽപ്പറഞ്ഞ സബ് സ്റ്റേഷനുകളെല്ലാംതന്നെ സമയബന്ധിതമായി തീർക്കാൻ നടപടി സ്വീകരിച്ചുവരുന്നു.

വടക്കാഞ്ചേരി 110 കെ. വി. സബ് സ്റ്റേഷന്റെ പ്രവർത്തനം

48 [366] ശ്രീ. എ. സി. മൊയ്തീൻ: താഴെ കാണുന്ന ചോദ്യങ്ങൾക്ക് ഊർജ്ജ വകുപ്പുമന്ത്രി സദയം മറുപടി നൽകുമോ:

(എ) വടക്കാഞ്ചേരി 110 കെ. വി. സബ് സ്റ്റേഷന്റെ ശേഷി വർദ്ധിപ്പിക്കാൻ ഉദ്ദേശിക്കുന്നുണ്ടോ;

† ലൈബ്രറിയിൽ വച്ചിട്ടുണ്ട്.

LIBRARY ARCHIVES Kerala Legislative Assembly